# Rajah's Higher Secondary School

## Nileshwar

# E-ചുറ്റുവട്ടം

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ നടത്തി വരുന്ന ഒരു പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം എന്നത് കുട്ടികളെ പുതിയ ഐടി യുഗത്തിന്റെ പ്രാധാന്യം മനസിലാക്കി കൊടുക്കാനും അതിന്റെ ഭാഗമക്കാൻ പ്രാപ്തരാക്കനും സാധിക്കുന്നു എന്നതാണ്.

ഇ-മാഗസിന്റെ ഏറ്റവും വലിയ വിജയും എന്നത് കുട്ടികളെ ഓരുമിപ്പിച്ച് പ്രവർത്തിക്കാൻ പ്രാപ്തരാക്കുന്നു എന്നതാണ്. അതിനാൽ ഇതുപോലൊരു സംരംഭത്തിലൂടെ കുട്ടികളെ പുതുതലമുറയിലേക്ക് വാർത്തെടുക്കാൻ സാധിക്കുന്നു.

പ്രദീപ് കുമാർ പി
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

പ്രസീത പി
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്



ലിറ്റിൽ കൈറ്റ്സ് രാജാസ് എച്ച് എസ് എസ് യൂണിറ്റിന്റെ ഇ-മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

കലാശ്രീധർ
ഹെഡ്മിസ്ട്രസ്സ്



# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

## എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

1. ദേവനന്ദ
2. ഗൗരി ജയൻ
3. നന്ദകിഷോർ
4. സഹൽ എം ടി പി
5. ഹർഷൽ കൃഷ്ണ ടി


കാക്കാം പ്രാണജലം
വെള്ളം നന്നായി കുടിക്കുക
വെള്ള ഉപയോഗം പരിമിതപ്പെടുത്തുക
ടാപ്പ്/ഫ്ളഷ് തുറക്കൽ കുറക്കുക
കരുതൽ വേണം
കൊടിയ ചൂടാണ്

# സഫലമീ യാത്ര

അദ്വൈതമാമീ ചേതനയാം
വെൺപുഷ്പമേ നീ സാർത്ഥകമല്ലോ
നന്മയെ ഹൃദയത്തിലേറ്റി നീ
പൊഴിച്ച സൗരഭ്യത്തിനും
നിൻ സൗന്ദര്യമാം നിസ്വാർത്ഥതയ്ക്കും
മുന്നിൽ ഞാൻ എന്നുമേ
കൈകൾ കൂപ്പി പ്രണമിക്കുന്നു..
ശൈശവാം മുകുളത്തിലാരംഭിച്ച
നിൻ യാത്രയിന്ന് വാടിയ പൂവായി
വാർദ്ധക്യത്തിൽ പരിണമിക്കുമ്പോൾ
നിൽ യാത്ര സാഫല്യത്തെ
പുൽകിയല്ലോ കുസുമ...
നിസ്വാർത്ഥമായി നീയേകിയ
മധു നുകർന്നവരെന്നുമേ
നിന്നോട് കൃതാർത്ഥരല്ലോ...
കാലത്തിന്നൊഴുക്കിപ്പമൊരിക്കൽ
നീ പൊഴിഞ്ഞാലും നിൻ
നന്മകളെന്നുമിവിടെ നിൻ
തലമുറകളിലൂടെ കളിയാടുമേ...

*ദേവനന്ദ*
*9 ബി*
*സ്റ്റുഡന്റ് എഡിറ്റർ*

# നാലുകെട്ട്

ഉറക്കമില്ലാത്ത കുറെ രാവുകൾക്കുശേഷം ഈ പൗർണ്ണമി രാത്രിയിലും ഞാൻ ആർക്കോ വേണ്ടി ഉറങ്ങാൻ കിടക്കുന്നു ഇനിയൊരിക്കലും ഉറങ്ങാനാവില്ലെന്ന ഉത്തമബോധ്യത്തോടെ... അല്ലമെങ്കിലും നാളെത്രയായി നിദ്രാദേവിയെന്ന് കടാക്ഷിച്ചിട്ട്...? അതുപോട്ടെ ഇന്നലെ മേലാറ്റുകരയിലെ ആ കുഞ്ഞിന്റെ ജീവനും കൊണ്ട് പോയ മരണദൂതനെങ്കിലുമൊന്ന് എത്തിനോക്കാമയിരുന്നു ഈ കിഴവിയെ... ഞാൻ വെറുതെ ഓർത്തു. ഇനി പുലരാൻ നേരമെത്ര കാണും? അതുവരെ ഞാനീ നാലുകെട്ടിനകത്ത് പലതും ചിന്തിച്ചും എന്നെത്തന്നെ വിമർശിച്ചും എന്റെ ദേഹിയോട് സംവദിച്ചും പിന്നെന്തൊക്കെയോ പുലമ്പിയും ഉണർന്നിരിക്കും. ഈ വീട്ടിലെ അവസാന രാത്രിയാണിത്. എന്റെ ജീവിതത്തിലേതുകൂടിയായിരുന്നെങ്കിലെന്ന് വെറുതെ ആശിച്ചുപോകയാണ്. എന്റെ നാലുകെട്ടിന്റെ കുമ്മായം തേച്ച ചുവരുകളിലും, തൂണുകളിലും അള്ളിപിടിച്ചിരുന്ന എന്റെ ജീവശ്വാസം ഒരു കരിയിലയുടെ ലാഘവത്തോടെ പറന്ന് പോകുന്നു. കിടപ്പറയിൽ നിന്നുണർന്ന് ഞാൻ വാതിലിന്റെ സാക്ഷി നീക്കി തലകുനിച്ച് പുറത്തേക്കിറങ്ങി മുന്നോട്ട് നടന്ന് വീടിന്റെ ഒത്തു നടുക്കുള്ള നടുമുറ്റത്തിന്റെ തൂണിലൊന്നിൽ ചാഞ്ഞിരുന്ന് ദീർഘമായി നിശ്വസിച്ചു. കണ്ണുകളടച്ചപ്പോൾ എന്നിൽ നിന്ന് എന്റെ ദേഹി പുറത്തിറങ്ങിയെന്നു തോന്നുന്നു. പതിഞ്ഞ സ്വരത്തിൽ അവൾ എന്റെ കാതിൽ വിളിച്ചു...

രുഗ്മിണീ...

നന്നായി,, ആ ഏകാന്തതയിൽ എന്നെ തളച്ചിട്ട കഴിഞ്ഞ കുറെ നാളുകളിൽ ഞാൻ ആഗ്രഹിച്ചതാ ആ വിളി. പക്ഷെ ആകുമുണ്ടായില്ല.. പലപ്പോഴും വിളികേട്ട് തിരിഞ്ഞു നോക്കിയപ്പോൾ ചുവരും, തൂണിം, ചാരുകസേരയുമൊക്കെ തന്നെ മൂകരായി തന്നെ തുടർന്നു. ഞാൻ കണ്ണുകൾ തുറന്ന് എന്റെ ദേഹിയെ തിരഞ്ഞു. അവൾ ഈ കിഴവിയെ കളിപ്പിക്കുകയാണോ? അത്ഭുതം! എഴുപ്പത്തുരണ്ടുകഴിഞ്ഞ ഈ വൃദ്ധയുടെ സ്വരമല്ല എന്റെ ആത്മാവിന്. അവൾ ചിണുങ്ങിയും കുണിങ്ങിയും എന്റെ മുന്നിലെത്തിയത് പഴയ പട്ടുപാവടയുമുടുത്ത് കൊണ്ടാണ്... ഇളംനീലപൂക്കളുള്ള പാവാടയും ചന്ദന നിറമുള്ള ബ്ലൗസും! കൊള്ളാം... ഞാൻ കുറെ ചിരിച്ചു. അവൾ കുസൃതിയോടെ എന്റെ കരം കവർന്ന് തൊടിയിലേക്ക് ഓടി... എന്റെ മെല്ലിച്ച ശരീരം പ്രായം മറന്നെന്നു തോന്നുന്നു. നാലുകെട്ടിന്റെ ചാണകം പാകിയ മുറ്റത്ത് നിറയെ അരിമുല്ല പൂക്കൾ കൊഴിഞ്ഞു വീണുകൊണ്ടിരുന്നു. അതിന്റെ മണം എന്നെ കാതങ്ങൾക്കപ്പുറത്തേക്കാനയിച്ചുവോ?...

രുഗ്മിണീ... ഇതിലെ...

അവൾ എന്റെ കൈവലിച്ച് തെക്കെ പറമ്പിലേക്ക് നടന്നു. രാത്രിക്ക് ഇത്ര ഭംഗിയുണ്ടെന്ന് കുറെ നാളുകൾക്ക് ശേഷം ഞാൻ വീണ്ടും ഓർത്തു. കുറെ ശീൽക്കാരങ്ങളും, നിദ്രയുടെ ചില നേർത്ത സ്വരങ്ങളും പിന്നെ എതോ ചില്ലയിലിരുന്ന് കൊക്കുരുമ്മിയ രണ്ടിണപ്രാവുകളുടെ കുറുകലും ഒക്കെ ഞാൻ കേട്ടു... പുല്ലുചാഞ്ഞ വഴിയിലൂടെ ഞാൻ പഴയ പതിനേഴിന്റെ ഊർജ്ജസ്വലതയോടെ ഓടി. ഞാൻ നിത്യേന വിളക്കുവച്ചാരാധിച്ച നാഗത്തിന്റെ പ്രതിഷ്ഠയുടെ ഉച്ചിയിൽ ചന്ദ്രൻ

ആവശ്യത്തിലേറെ പ്രകാശം ചൊരിഞ്ഞതിനാലാണോ അത് കൂടുതൽ മനോഹരമായി എനിക്കു തോന്നി. ഇനി അരുവിയാണ്... എന്റെ എല്ലാ സ്വകാര്യതകളും കാക്കപുള്ളികളും ഞാൻ നാണിക്കാതെ കാട്ടിയ അരുവി. ചുറ്റിലും കൈതച്ചെടികളും പുല്ലും വളർന്നു പൊന്തിയ കാട്ടരുവി. എന്റെ ദേഹി നേരത്തെ ഓടി അവിടെ ചെന്നിരുന്നു. അവൾ പാദസരമിട്ട തന്റെ കാലുകൾ വെള്ളത്തിലിട്ട് ഇളക്കി ഞാനും പൊട്ടിക്കീറിയ ചുക്കിചുളിഞ്ഞ കാലുകൾ മെല്ലെ വെള്ളത്തിലേക്കിറക്കി..

എന്തൊരു തണുപ്പ്...!

ഞാൻ കാലുകൾ പിന്നോട്ട് വലിച്ചു

രുഗ്മിണീ... താനെന്തേ ഇങ്ങനെ വാടി തളർന്നു പോയെ?...

എല്ലാമറിയാമായിരുന്നിട്ടും ഒന്നാം ക്ലാസ്സുകാരിയുടെ നിഷ്കളങ്കതയോടെ എന്റെ ആത്മാവ് എന്നോടു ചോദിച്ചു. ഞാനതിനെ ഒന്നു നോക്കി ചിരിക്കുകമാത്രം ചെയ്തു.

പറന്നേ... നീയൊന്നും സംസാരിക്കുന്നേയില്ല...

ഞാൻ ഇത്തവണ മറ്റൊന്നാണ് ചിന്തിച്ചത്.. വല്ലോരും കണ്ടാൽ.. ഈ കിളവി ഈ രാത്രില് ഇങ്ങനെ വെള്ളത്തിൽ കാലുമിട്ട് വെറുതെ ചിരിക്കുന്നതു കണ്ടാൽ...? ഭ്രാന്താണെന്നു കരുതുമായിരിക്കും... കരുതട്ടെ... അതിനെന്താ... അതിനെന്താ ഭ്രാന്താണല്ലോ... ഞാൻ വീണ്ടും ചിരിച്ചു...

ഞാൻ ഒരു കല്ലെടുത്ത് വെള്ളത്തിലെറിഞ്ഞ് ആരോടൊന്നില്ലാതെ പറഞ്ഞു...

നാളെയാണ്... വീട്.....

വീട്... വീടിനെന്താ.. അവൾ വീണ്ടും ചോദിച്ചു...

ഞാനോന്നും പറഞ്ഞില്ല.. ഉത്തരം അവൾക്കറിയാമായിരുന്നു. കുറെ നേരത്തെ മൗനം ഭുജിച്ച് അവൾ പറഞ്ഞു...

രുഗ്മിണിക്ക് ഇവിടം വിട്ടു പോകാനിഷ്ടമില്ലല്ലെ...?

ഞാൻ തലയുയർത്തി അവളെ നോക്കി. ഉത്തരം അവൾ പ്രതീക്ഷിച്ചില്ലെന്ന് തോന്നുന്നു..

രുഗ്മിണീ... തനിക്ക് ഞാനൊരു സൂത്രം കാട്ടി തരട്ടെ...

എന്താത്? ഞാൻ ചോദിച്ചു.

കണ്ണടയ്ക്ക് അപ്പോ കാട്ടിതരാം...

ഹും.. അടച്ചു..

അവളുടെ ശബ്ദം കേട്ടതേയില്ല.. ഒരനക്കവുമില്ല... പെട്ടെന്ന് ഒരു കൈത്തലം എന്റെ ചുമലിൽ തൊട്ടു... തിരിഞ്ഞു നോക്കിയപ്പോൾ..

മാധവേട്ടൻ...

ഞാനറിയാതെ വിറച്ചുപോയി.. തന്റെ എല്ലാഎല്ലാമയവൻ... അകാലത്തിൽ തന്നെ തനിച്ചാക്കി ഒരു മഴയത്ത് മാഞ്ഞു പോയവൻ...

മാധവേട്ടാ...

ഞാൻ പിന്നെയും വിളിച്ചു

രുക്കൂ... മറുവിളി...

അദ്ദേഹം എന്റെയരികിലിരുന്നു. ഞാനദ്ദേഹത്തിന്റെ തോളിൽ തലചായ്ച്ചു. എന്റെ മഞ്ഞപ്പാടപിടിച്ച കണ്ണുകളിലൂടെ ചുടുകണ്ണീർ പെയ്തിറങ്ങി. അദ്ദേഹം ഒന്നും പറഞ്ഞില്ല. എന്നെ ചേർത്തുനിർത്തി. ഞാൻ എന്റെ പരാതിയുടെയും പരിഭവത്തിന്റെയും കെട്ടഴിക്കും മുമ്പ് അവളെ തിരഞ്ഞു എന്റെ ദേഹിയെ... എവിടെയും കണ്ടില്ല.

എന്റെ മോളെ... നിനക്ക് എന്തേ പറ്റിയത്? അദ്ദേഹം ചോദിച്ചു.

മറുപടി വിതുമ്പിലൊതുക്കി പിന്നെ ഞാൻ സംസാരിച്ചു തുടങ്ങി.

എല്ലാം പോയി മാധവേട്ടാ... നമ്മുടെ വീട്... കുട്ടികള്... പാടം.. പറമ്പ്.... എന്റെ ഓർമകളുടെ അടിവേരു പോലും പിഴുതെറിഞ്ഞു അവർ...

എന്റെ കുട്ടീ... നീയെന്തൊക്കെയാ ഈ പറയുന്നേ.... ആര് എന്തു ചെയ്തൂന്നാ....

അവര്... ദിവാകരന്റെ ആളുകള്... നമ്മുടെ വീട്... പിള്ളേര്....

ഞാൻ പിന്നേം കരഞ്ഞു.

എന്റെ സ്മൃതികൾ പിന്നേയും കാലങ്ങൾക്കു പിറകിലേക്ക് പാഞ്ഞു... ദേവകിയുടെയും നാണുവിന്റെയും മകളായി പിറന്നതും, നാലികെട്ടിന്റെ മുക്കിലും മൂലയിലും ഓടിയതും, മാധവേട്ടന്റെ താലി നെഞ്ചിൽ ചാർത്തിയതും, കണ്ണനേയും ഉണ്ണിയേയും പെറ്റതും.... അങ്ങനെ ഒരു നൂറു ഓർമ്മകൾ....

നാലുക്കെട്ടിനോട് എനിക്കുണ്ടായിന്നത് ഒരു ആത്മബന്ധമായിരുന്നു. ജനിച്ച നാൾ മുതൽ ആ വീട് വിട്ട് താനെവിടെയും നിന്നില്ല. തൊടിയിലെ അരളിയും മുല്ലയും കുറിഞ്ഞിയുമൊക്കെ അത്ഭുതപ്പെടുത്തിയും അരുവിയിലെ വെള്ളം തണുപ്പിച്ചും കുളിർക്കാറ്റ് ഇക്കിളികൂട്ടിയും, സർപ്പ പ്രതിഷ്ഠ ഭയപ്പെടുത്തിയും ഒക്കെ ചെയ്ത ബാല്യം...

*ശിവപ്രസാദ്*
*10 ബി*

# ജീവപാഠം

തകർത്തുപെയ്ത പേമാരിയിൽ
നിലം പതിച്ചുപ്പോയി സകലതും
കെട്ടിട സമുച്ചയങ്ങൾ  മരങ്ങൾ
വാഹനങ്ങളങ്ങനെ പലതും
കൊള്ളയും കൊലയും അഴിമതി-
തട്ടിപ്പുകളും കൊണ്ടെങ്ങോപോയി
ആഞ്ഞടിച്ചു വീശിയ കാറ്റും മഴയും!

ദൈവത്തിന്റെ കനിവാർന്ന നാട്ടിൽ
പേമാരി ബാക്കി വെച്ചതോ
മാനുഷിക മൂല്യങ്ങളുടെ കലവറയും!
സ്നേഹവും ലാളനയും പരസ്പര
സഹായസഹകരണങ്ങളും!
പണം എന്ന് ജീവമന്ത്രമായി ജപിച്ച്
ജീവിതം പുലർത്തിയവന്ലേക്ക്
പണമല്ല സ്നേഹമാ വലുതെന്ന
തിരിച്ചറിവ് നൽകി പേമാരി.

സമ്പന്ന ദരിദ്ര വ്യത്യാസവും
ജാതി മത വർഗ്ഗ വിദ്വേഷവും
തച്ചുടച്ചുകൊണ്ട് സ്നേഹ-
മതസൗഹാർദ്ദബന്ധം ബാക്കി-
യാക്കി കൊണ്ടവ മറഞ്ഞു.
മൃദുലമാം ഹൃദയവും ആത്മ-
ബന്ധങ്ങൾ തൻ വിലയും
കരുണയും മാത്രം നഗ്നമാം
നാട്ടിൽ ബാക്കിയായി.

ഹരിത ഭംഗിയാർന്ന നാട്ടിൽ
പുതിയ പുലരികളതിൽ-
തിങ്ങിടും അമ്മതൻ ലാളനയും
വാത്സല്യവുമെല്ലാം നമുക്കായി
പ്രകൃതി ബാക്കി
വെക്കുകയായിരുന്നു
ഉറങ്ങി കിടക്കുന്ന മാനുഷിക-
മൂല്യങ്ങളെ ഉണർത്താനായി..

*ഗൗരി ജയൻ*
*9 ഡി*

# <u>കനലായ് മഴതെയ്യമുറയുന്നു</u>

**കാവിനകത്തളം പോലെയിരുണ്ടൊയു**
**വാനിടത്തിൻ കീഴെ മെല്ലെയിരുന്നു ഞാൻ**
**ശോകമൂകസ്മരണ ഉയരുന്നപോലെയാം**
**വാനിടം മെല്ലെ ഇരുളാൽ തുടങ്ങവേ**
**പ്രാവുകൾ കുറുകുന്നു മയിലുകളാടുന്നു**
**വാനിടം തൻ നിഴൽ എങ്ങും പരക്കുന്നു**
**പൊന്നിൻ ചിലങ്കപ്പോൽ ഇടിനാദവും കേട്ടു**
**വെള്ളണിത്തോരണമായ് വന്നു മിന്നലും**
**കാവുപ്പേൽ വാനിടം ശോകാർദ്ദ്രഭാവമായ്**
**കൂപ്പുകൈയ്യാൽ വണങ്ങിടും ചെടികളും**
**ഭക്തിയാൽ മുമ്പിട്ടും ഭക്തരെപ്പോലെ തൻ**
**കൊമ്പുകൾ താഴ്ത്തി വണങ്ങി വൃക്ഷങ്ങളും**
**രൗദ്രത്തിൻ മൂർത്തിയാം ദേവനെ കാത്തു**
**നിൽക്കുന്നിതാം സർവ്വ ചരാചരമഖിലവും**
**വിണ്ടു വരണ്ടു നിൽക്കുന്ന പാടങ്ങളിൽ**
**ദൈവമായ് മാറുന്നു ഇന്നാ മഴത്തുള്ളി**

***അനഘ***
*9 ഐ*

# <u>കരിങ്കർക്കിടമേ നിനക്ക് മാപ്പില്ല</u>

**കരിങ്കർക്കിടം തൻ മിഴികൾ തുറക്കവേ**
**കരമറുകിൽക്കുട്ടങ്ങളാഗമിപ്പുണ്ടേവം**
**കഷ്ടകാലത്തിന്റനിലനും പാഞ്ഞെത്തി**
**കഷ്ടമാണഖിലമീ കർക്കിടകലീലകൾ**
**പഞ്ഞമായത്തിന്റ ക്രൂരമാം ലീലകൾ**
**അവൾതൻ ജീവിത നൗകയെ കമഴ്ത്തി**
**നൊന്തുപ്പെറ്റൊരമ്മതൻ ജീവനുംക്കൊ-**
**ണ്ടോടി മറഞ്ഞിന്നു കരിങ്കർക്കിടകമേവം**
**മുണ്ടുമുറുക്കിക്കഴിഞ്ഞ രാവുകളിൽ**
**അമ്മതൻ ചൂടിലമർന്നുറങ്ങിയവൾ**
**കർക്കിടകത്തിനെ തോൽപ്പിച്ചുകൊണ്ടമ്മ**
**അന്നവും തേടിയലഞ്ഞു പ്രളയമാറിലേക്ക്**
**ഉടവാളെടുത്തുകൊണ്ടോടി മഴത്തെയ്യം**
**അമ്മതൻ ജീവനിൽ ഉറഞ്ഞുതുള്ളി.**

*മീര*
*10 ബി*

# DANCING IN THE RAIN

**We are swimming in the pool**
**just swimming in the pool**
**what a glorious day!**
**We are swimming in the pool**

**we are clapping our hands**
**just clapping  our hand**
**what a happy day**
**we are clapping our hand**

***Thushar***
***8 B***

# THE COMING OF SPRING

**How do i know that spring is here?**
**Because the word is full of cheer**
**The crocuses and daffodils**
**Peep out from the window sills,**
**The grass is getting soft and green**
**The garden make a pretty seen**
**Forsythia bushes unfold**
**and shows their blooms of fairy gold**
**The tulip of my garden wall**
**are getting beautiful and tall**
**The birds are coming back to stay**
**and serenade us every day**
**The word is full of joy and cheer!**
**That is how i know that the spring is here**

***Arya Raj***
***8 C***

# LEISURE

**What is the life if, fall of care**
**We have no time to stand and stare?**
**No time to stand breath the boughs**
**and stand as a long as sheep or cows**
**No time to see when broods we pass**
**When squirrels lid their nuts in grass**
**No time to see, in broad day light**
**Streams full of stars, like sky's at night**
**No time to turn at beauty glands,**
**and watch her feet how they can dance**
**No time to wait till her mouth can enrich**
**The enrich that smile here eyes began**
**a poor life this is full of care,**
**We have no time to stand and stare**

***Santhwana G K***
***9 B***

# MY PET

**My pet is a dog**
**Its name is suzzy**
**Its colour is black**
**She running very fastly**
**She is a beautiful dog**
**Its eyes are black**
**I play with my pet**
**I love my pet very much**

***Adwaith Raj P T***
***7 B***





***Aswathi Raj***
***10 H***





***Devananda***
***9 B***